**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2871** **07-10-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളതെന്നും ഇതിൽ ഭൂരഹിതരായ ഭവനരഹിതർ എത്രയാണെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമ പഞ്ചായത്തിൽ അഞ്ച് കുടുംബങ്ങളും അമ്പൂരി പഞ്ചായത്തിലെ മൂന്ന് കുടുംബങ്ങളും ഉൾപ്പടെ 8 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഭവനരഹിതരായിട്ടുള്ളത്. ടി നിയോജക മണ്ഡലത്തിൽ ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർ ഇല്ല. |
| (ബി) | ഇവരിൽ എത്ര പേർ ലൈഫ് മിഷൻ ഉൾപ്പെടെയുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഭൂരഹിതർക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ബി) | **പട്ടികജാതി വികസന വകുപ്പ്**<br><br>വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>ടി നിയോജകമണ്ഡലത്തിലെ ഭവനരഹിതരായ 8 പട്ടികവർഗ്ഗ കുടുംബങ്ങളും ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര എസ്. സി./എസ്. റ്റി. കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനിയും പൂർത്തീകരിക്കാനുള്ളവയും ആരംഭിക്കാനുള്ളവയും എത്ര വീതമെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ? | (സി) | **പട്ടികജാതി വികസന വകുപ്പ്**<br><br>വിവരങ്ങൾ അനുബന്ധം (3) ആയി ചേർക്കുന്നു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>കള്ളിക്കാട് പഞ്ചായത്തിലെ 2 കുടുംബങ്ങളും അമ്പൂരി പഞ്ചായത്തിലെ 38 കുടുംബങ്ങളും വെള്ളറട പഞ്ചായത്തിലെ 2 കുടുംബങ്ങളും ഉൾപ്പടെ 42 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അമ്പൂരി |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിലെ 17 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭവനിർമ്മാണം പൂർത്തീകരിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി കുടുംബങ്ങളിൽ നിലവിലുള്ള ഭൂമിയുള്ള ഭവനരഹിതർ/ ഭൂരഹിത ഭവനരഹിതരുടെ വിശദാംശം

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ |
|---|---|---|
| അമ്പൂരി | 48 | 16 |
| ആര്യൻകോട് | 62 | 34 |
| കള്ളിക്കാട് | 53 | 54 |
| കൊല്ലായിൽ | 84 | 64 |
| കുന്നത്തുകാൽ | 140 | 60 |
| ഒറ്റശേഖരമംഗലം | 60 | 46 |
| പാറശ്ശാല | 81 | 72 |
| പെരുങ്കടവിള | 92 | 35 |
| വെള്ളറട | 106 | 45 |

## അനുബന്ധം - 2

### ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി കുടുംബങ്ങളിൽ നിലവിലുള്ള ഭൂമിയുള്ള ഭവനരഹിതർ/ ഭൂരഹിത ഭവനരഹിതരുടെ വിശദാംശം

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ |
|---|---|---|
| അമ്പൂരി | 21 | 9 |
| ആര്യൻകോട് | 39 | 13 |
| കള്ളിക്കാട് | 18 | 13 |
| കൊല്ലായിൽ | 40 | 39 |
| കുന്നത്തുകാൽ | 49 | 40 |
| ഒറ്റശേഖരമംഗലം | 16 | 46 |
| പാറശ്ശാല | 27 | 72 |
| പെരുങ്കടവിള | 46 | 21 |
| വെള്ളറട | 31 | 34 |
| **ആകെ** | **287** | **287** |

## അനുബന്ധം - 3

| തദ്ദേശ സ്വയം ഭരണ സ്ഥാപനം | ഭവനനിർമ്മാണം പൂർത്തീകരിച്ചവർ | | ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നവർ | | കരാറിലേർപ്പെടാത്തവരും ഭവനനിർമ്മാണം ആരംഭിക്കാത്തവരും | |
|---|---|---|---|---|---|---|
| | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ | ഭൂമിയുള്ള ഭവനരഹിതർ | ഭൂരഹിത ഭവനരഹിതർ |
| അമ്പൂരി | 8 | 0 | 0 | 0 | 17 | 4 |
| ആര്യൻകോട് | 9 | 0 | 0 | 0 | 28 | 7 |
| കള്ളിക്കാട് | 2 | 0 | 0 | 0 | 24 | 6 |
| കൊല്ലായിൽ | 43 | 0 | 1 | 0 | 7 | 20 |
| കുന്നത്തുകാൽ | 0 | 0 | 0 | 0 | 68 | 18 |
| ഒറ്റശേഖരമംഗലം | 7 | 0 | 0 | 0 | 80 | 23 |
| പാറശ്ശാല | 56 | 0 | 1 | 0 | 36 | 14 |
| പെരുങ്കടവിള | 15 | 0 | 0 | 0 | 30 | 8 |
| വെള്ളറട | 15 | 0 | 9 | 0 | 45 | 12 |
| **ആകെ** | 155 | 0 | 11 | 0 | 335 | 112 |